(ബി) എ. ഐ. സി. റ്റി. ഇ. ആദ്യത്തെ മൂന്ന് ബാച്ചിന് അംഗീകാരം നൽകിയിട്ടില്ല. 2003-ൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) മാനന്തവാടി എഞ്ചിനീയറിംഗ് കോളേജിലെ 2, 3, 4 വർഷ വിദ്യാർത്ഥികളെ മറ്റ് കോളേജിലേക്ക് മാറ്റാൻ എ. ഐ. സി. റ്റി. ഇ. നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(എഫ്) അടിയന്തിര പ്രാധാന്യം മനസ്സിലാക്കി എത്രയും വേഗം പൂർത്തീകരിക്കാനായി പൊതുമരാമത്തിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ വികസനം

81 [1445] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സീറ്റുകൾ വെട്ടിക്കുറയ്ക്കാനുള്ള എ. ഐ. സി. റ്റി. ഇ. നിർദ്ദേശം അവഗണിച്ച് മുഴുവൻ സീറ്റിലും കുട്ടികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എ. ഐ. സി. റ്റി. ഇ. അംഗീകാരം ലഭിച്ചില്ലെങ്കിൽ ഈ കുട്ടികളുടെ ഭാവി എന്താകും;

(സി) എ. ഐ. സി. റ്റി. ഇ. ആവശ്യപ്പെട്ട പ്രകാരമുള്ള സൗകര്യങ്ങൾ കോളേജിൽ ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ഡി) കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് ഫണ്ട് അനുവദിച്ചിട്ടും പി. ഡബ്ല്യു. ഡി. പണികൾ യഥാസമയം തുടങ്ങുകയോ പൂർത്തിയാക്കുകയോ ചെയ്യുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തിരമായി പണികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവേശനം നൽകിയതിനുശേഷമാണ് സീറ്റുകൾ വെട്ടിക്കുറയ്ക്കാനുള്ള എ. ഐ. സി. റ്റി. ഇ.-യുടെ അറിയിപ്പ് ലഭിച്ചത്.

(ബി) വെട്ടിക്കുറച്ച സീറ്റുകൾ പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് എ. ഐ. സി. റ്റി. ഇ.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly